"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ജി2/33063/2014 ചാക്ക, തിരുവനന്തപുരം 7

തീയതി:04/11/2014

## ചുറ്ററിയിപ്പ്

വിഷയം: വ്യവസായിക പരിശീലന വകുപ്പ് 2014 ആഗസ്റ്റ് മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷയുടെ അപേക്ഷ ഓൺ ലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: (1) 17/07/2014 തീയതിയിലെ ജി2/33063/2014 തീയതിയിലെ വിജ്ഞാപനം

(2) 30/07/2014 തീയതിയിലെ ജി2/33402/2014 തീയതിയിലെ വിജ്ഞാപനം

(3) 25/09/2014 തീയതിയിലെ ജി2/35102/2014 തീയതിയിലെ വിജ്ഞാപനം

സൂചനകളിലെ വിജ്ഞാപനങ്ങൾ പ്രകാരം ഒന്നാം സെമസ്റ്റർ (റഗുലർ)/ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി)/രണ്ടാം സെമസ്റ്റർ (റഗുലർ) എന്നീ പരീക്ഷകളുടെ അപേക്ഷകൾ മാനുവലായി ക്ഷണിച്ചിരുന്നു. ടി പരീക്ഷകൾക്ക് മാനുവലായി നൽകിയിരുന്ന ട്രെയിനികളുടെ അപേക്ഷകൾ ഓൺ ലൈനായി രേഖപ്പെടുത്തേണ്ടതാണ്. ഇതിനുള്ള വിശദമായ മാർഗ്ഗ രേഖകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ടി മാർഗ്ഗ രേഖയും സൂചന പ്രകാരമുള്ള വിജ്ഞാപനങ്ങളും വ്യക്തമായി മനസ്സിലാക്കിയിട്ടു വേണം ഓൺ ലൈനായി രജിസ്റ്റർ ചെയ്യേണ്ടത്. വിജ്ഞാപനങ്ങൾ പ്രകാരം മാനുവലായി അപേക്ഷ നൽകിയിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ മാത്രമേ ഓൺ ലൈനായി രജിസ്റ്റർ ചെയ്യാവൂ. ഇതിന് വേണ്ടി മാനുവലായി നൽകിയ അപേക്ഷയുടെ ഓഫീസ് കോപ്പി പരിശോധിച്ചിട്ടുവേണം ഓൺലൈനായി രേഖപ്പെടുത്തേണ്ടത്. 17/11/2014 നാണ് പരീക്ഷകൾ ആരംഭിക്കുന്നത്.

ആയതിനാൽ താഴെ പറയുന്ന തീയതികളിൽ അപേക്ഷകൾ ഓൺ ലൈനായി രജിസ്റ്റർ ചെയ്യുവാൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു കാരണവശാലും തീയതികൾ ദീർഘിപ്പിച്ച് നൽകുന്നതല്ല.

രണ്ടാം സെമസ്റ്റർ (റഗുലർ) 05/11/2014 മുതൽ 07/11/2014 വരെ

ഒന്നാം സെമസ്റ്റർ (റഗുലർ) 07/11/2014 മുതൽ 11/11/2014 വരെ

ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) 07/11/2014 മുതൽ 11/11/2014 വരെ

വിശ്വാസ പൂർവ്വം

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

# 2014 നവംബർ മാസത്തിൽ നടത്തുന്ന എസ്.സി.വി.റ്റി.(സെമസ്റ്റർ) പരീക്ഷയ്ക്കുള്ള അപേക്ഷകൾ ഓൺ ലൈനായി നൽകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സർക്കാർ/സർക്കാർ എസ്.സി.ഡി. ഡി/എസ്റ്റി.ഡി.ഡി. ഐ.ടി.ഐ. കളാണ് ഓൺ ലൈൻ മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടത്

2. ഓൺ ലൈൻ അപേക്ഷ നൽകുന്നതിന് മുൻപ് 17/07/2014 തീയതിയിലെ ജി2/33063/2014 നമ്പർ പരീക്ഷാ വിജ്ഞാപനം, 30/07/2014 തീയതിയിലെ ജി2/33402/2014 നമ്പർ പരീക്ഷാ വിജ്ഞാപനം, 25/09/2014 തീയതിയിലെ ജി2/35102/2014 നമ്പർ പരീക്ഷാ വിജ്ഞാപനം, എന്നിവ ശ്രദ്ധിച്ച് വായിച്ച് മനസ്സിലാക്കേണ്ടതാണ്.

3 30/07/2014 തീയതിയിലെ ജി2/33402/2014 നമ്പർ വിജ്ഞാപന പ്രകാരം മുൻപ് അപേക്ഷ മാനുവലായി സമർപ്പിച്ചിട്ടുള്ള ഒന്നാം സെമസ്റ്റർ ട്രെയിനികളും 25/09/2014 തീയതിയിലെ ജി2/35102/2014 നമ്പർ വിജ്ഞാപന പ്രകാരം മുൻപ് അപേക്ഷ മാനുവലായി സമർപ്പിച്ചിട്ടുള്ള ഒന്നാം സെമസ്റ്റർ(സപ്ലിമെൻററി) ട്രെയിനികളും 17/07/2014 തീയതിയിലെ ജി2/33063/2014 നമ്പർ വിജ്ഞാപന പ്രകാരം മുൻപ് അപേക്ഷ മാനുവലായി സമർപ്പിച്ചിട്ടുള്ള രണ്ടാം സെമസ്റ്റർ ട്രെയിനികളും നിശ്ചിത തുക പരീക്ഷാ ഫീസായി ചെലാൻ മുഖാന്തിരം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളവരും ആയ ട്രെയിനികൾ മാത്രമേ ഓൺ ലൈനായി ഒന്നാം സെമസ്റ്റർ റഗുലർ/ഒന്നാം സെമസ്റ്റർ(സപ്ലിമെൻററി)/രണ്ടാം സെമസ്റ്റർ(റഗുലർ) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാവു. **മുൻപ് മാനുവലായി അപേക്ഷ നൽകാത്ത ട്രെയിനികളുടെ അപേക്ഷകൾ ഒരു കാരണവശാലും ഓൺ ലൈനായി സമർപ്പിക്കരുത്. ഇത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പ്രത്യേകം ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും ട്രെയിനികളുടെ അപേക്ഷ പുതിയതായി ഓൺ ലൈൻ മുഖേന ഉൾപ്പെടുത്തിയതായി കണ്ടെത്തിയാൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.** ആയതിനാൽ മുൻപ് മാനുവലായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ അപേക്ഷ (ഓഫീസ് പതിപ്പ്) പരിശോധിച്ച് വേണം ഓൺ ലൈൻ ആയി അപേക്ഷകൾ രേഖപ്പെടുത്തേണ്ടത്.

4 **രണ്ടാം സെമസ്റ്റർ റഗുലർ ട്രെയിനികളുടെ അപേക്ഷകൾ 05/11/2014 തീയതി മുതൽ 07/11/2014 വരെയും ഒന്നാം സെമസ്റ്റർ (റഗുലർ)/ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) ട്രെയിനികളുടെ അപേക്ഷകൾ 07/11/2014 മുതൽ 11/11/2014 വരെയും ഓൺ ലൈനായി രേഖപ്പെടുത്താവുന്നതാണ്. 17/11/2014 മുതൽ പരീക്ഷകൾ ആരംഭിക്കുന്നതിനാൽ ഒരു കാരണവശാലും നിശ്ചിത തീയതി ദീർഘിപ്പിച്ച് നൽകുന്നതല്ല. ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷകൾ രേഖപ്പെടുത്താൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

## പൊതുവായ നിർദ്ദേശങ്ങൾ

1. വകുപ്പിൻെറ വെബ് സൈറ്റായ www.det.kerala.gov.in എന്ന സൈറ്റ് സന്ദർശിക്കുക
2. ടി വെബ് സൈറ്റിൽ www.itdkerala.org എന്ന ലിങ്ക് click ചെയ്യുക
3. ടി സമയം www.itdkerala.org എന്ന വെബ് സൈറ്റിൻെറ ഹോം പേജ് ദൃശ്യമാകും. (Fig 1)
4. ടി ഹോം പേജിൻെറ വലത്തെ അറ്റത്ത് log in എന്ന ബട്ടൺ കാണാം
5. ടി log in ബട്ടൺ click ചെയ്യുക. (Fig 2)
6. ടി സമയം ഐ.ടി.ഐ.യുടെ യൂസർ ഐ.ഡിയും പാസ്സ് വേർഡുംആവശ്യപ്പെടുന്ന ബോക്സ് കാണാം (Fig 2)
7. എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയ ട്രേഡുകളുള്ള സർക്കാർ/സർക്കാർ എസ്.സി.ഡി.ഡി. ഐ.ടി.ഐ. കളിൽ ഐ.ടി.ഐ. കൾക്കുള്ള യൂസർ ഐ.ഡി.യും പാസ് വേർഡും ഡയറക്ടറേറ്റിൽ നിന്നും കൈമാറിയിട്ടുണ്ട്. എസ്.സി.വി.റ്റി. ട്രേഡുകൾ മാത്രമുള്ള ഐ.ടി.ഐ. കൾക്കുള്ള യൂസർ ഐ.ഡിയും പാസ് വേർഡും ഡയറക്ടറേറ്റിൽ നിന്നും ടി ഐ.ടി.ഐ. കളുടെ ഇ മെയിൽ അഡ്രസ്സിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ഇവ ലഭിച്ചിട്ടില്ലായെങ്കിൽ ടി മാർഗ്ഗരേഖയുടെ അവസാന ഭാഗത്ത് ചേർത്തിട്ടുള്ള ഫോൺ നമ്പറുകളിൽ

ബന്ധപ്പെടേണ്ടതാണ്. ടി യൂസർ ഐ.ഡിയും പാസ് വേർഡും ടൈപ്പ് ചെയ്ത് നൽകുക. അതിന് ശേഷം log in ബട്ടൺ click ചെയ്യുക.

8. ടി സമയം ടി ഐ.ടി.ഐ. യുടെ പേര് അടങ്ങിയ പേജ് ദൃശ്യമാകും. ടി പേജിൻെറ ഇടത് ഭാഗത്തായി SCVT 2nd SEMESTER (REGULAR) , SCVT 1st SEMESTER (REGULAR), SCVT 1st SEMESTER (SUPPLIMENTARY) എന്നീ മൂന്ന് ബട്ടണുകൾ കാണാവുന്നതാണ്. (Fig 3)

9. ടി പേജിൽ SCVT 2nd SEMESTER (REGULAR) ബട്ടൺ Click ചെയ്താൽ 2014 ഏപ്രിൽ മാസം നടത്തിയ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കാനുള്ള ഹാൾ ടിക്കറ്റ് ഡയറക്ടറേറ്റിൽ നിന്നും വിതരണം നടത്തിയ ട്രെയിനികളുടെ വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ടി പേജിൻെറ മുകൾ ഭാഗത്ത് കാണുന്ന Trade എന്ന ബട്ടൺ Click ചെയ്താൽ ടി ഐ.ടി.ഐ. യിലുള്ള ട്രേഡുകളുടെ പേരുകൾ കാണാവുന്നതാണ്. ഇതിൽ ഏതെങ്കിലും ട്രേഡ് Select ചെയ്താൽ ടി ട്രേഡിലുള്ള ട്രെയിനികളുടെ ഒന്നാം സെമസ്റ്ററിലെ റോൾ നമ്പർ/ ട്രെയിനിയുടെ പേര്/ ട്രേഡ്/ ജനന തീയതി/ പിതാവിൻെറ പേര് തുടങ്ങിയ വിവരങ്ങൾ കാണാവുന്നതാണ്.

10. ഒരു പേജിൽ 15 ട്രെയിനികളുടെ വിവരങ്ങൾ ആയിരിക്കും കാണാൻ സാധിക്കുക.

11. ടി പേജിൻെറ അവസാനം വലത്തെ അറ്റത്ത് Next എന്ന ബട്ടൺ കാണാം. ടി ബട്ടണിൽ click ചെയ്താൽ ടി ട്രേഡിലുള്ള ട്രെയിനികളുടെ അടുത്ത പേജ് കാണാവുന്നതാണ്.

## താഴെ പറയുന്ന ട്രെയിനികളാണ് ഓൺ ലൈൻ വഴി അപേക്ഷ നൽകേണ്ടത്

13 30/07/2014 തീയതിയിലെ ജി2/33402/2014 നമ്പർ വിജ്ഞാപന പ്രകാരം മുൻപ് അപേക്ഷ മാനുവലായി സമർപ്പിച്ചിട്ടുള്ള ഒന്നാം സെമസ്റ്റർ ട്രെയിനികളും 25/09/2014 തീയതിയിലെ ജി2/35102/2014 നമ്പർ വിജ്ഞാപന പ്രകാരം മുൻപ് അപേക്ഷ മാനുവലായി സമർപ്പിച്ചിട്ടുള്ള ഒന്നാം സെമസ്റ്റർ(സപ്ലിമെൻററി) ട്രെയിനികളും 17/07/2014 തീയതിയിലെ ജി2/33063/2014 നമ്പർ വിജ്ഞാപന പ്രകാരം മുൻപ് അപേക്ഷ മാനുവലായി സമർപ്പിച്ചിട്ടുള്ള രണ്ടാം സെമസ്റ്റർ ട്രെയിനികളും നിശ്ചിത തുക പരീക്ഷാ ഫീസായി ചെലാൻ മുഖാന്തിരം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളവരും ആയ ട്രെയിനികൾ മാത്രമേ ഓൺ ലൈനായി ഒന്നാം സെമസ്റ്റർ റഗുലർ/ഒന്നാം സെമസ്റ്റർ(സപ്ലിമെൻററി)/രണ്ടാം സെമസ്റ്റർ(റഗുലർ) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇപ്രകാരമുള്ള ട്രെയിനികളുടെ അപേക്ഷ ഓൺ ലൈൻ ആയി നൽകുമ്പോൾ പിന്തുടരേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ

(1) ഓരോ ഐ.ടി.ഐ. യും അവരുടെ യൂസർ ഐ.ഡി.യും പാസ്സ് വേർഡും ഉപയോഗിച്ച് log in ചെയ്യുക

(2) ടി സമയം ടി ഐ.ടി.ഐ. യുടെ പേര് അടങ്ങിയ പേജ് ദൃശ്യമാകും. ടി പേജിൻെറ ഇടത് ഭാഗത്തായി SCVT 2nd SEMESTER (REGULAR) , SCVT 1st SEMESTER (REGULAR), SCVT 1st SEMESTER (SUPPLIMENTARY) എന്നീ മൂന്ന് ബട്ടണുകൾ കാണാവുന്നതാണ്. (Fig 3)

(3) സെമസ്റ്റർ (റഗുലർ), ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി), രണ്ടാം സെമസ്റ്റർ (റഗുലർ) എന്നീ മൂന്ന് തരത്തിലുള്ള പരീക്ഷകൾക്കാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഓരോ പരീക്ഷകൾക്കും അപേക്ഷകൾ സമർപ്പിക്കുമ്പോൾ പിന്തുടരേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്നു.

(എ) **രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ ഓൺ ലൈനായി രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**

- (Fig 3) ൽ കാണുന്ന പേജിൽ SCVT 2nd SEMESTER (REGULAR) എന്ന ബട്ടൺ Click ചെയ്യുമ്പോൾ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഡയറക്ടറേറ്റിൽ നിന്നും ഹാൾ ടിക്കറ്റ് വിതരണം ചെയ്ത ട്രെയിനികളുടെ വിവരങ്ങൾ കാണാവുന്നതാണ്. (Fig 4)
- ടി പേജിൻെറ മുകൾ ഭാഗത്ത് കാണുന്ന Trade എന്ന ബട്ടൺ Cilck ചെയ്താൽ ടി ഐ.ടി.ഐ. യിലെ ട്രേഡുകൾ കാണാവുന്നതാണ്. ഓരോ ട്രേഡും Select ചെയ്താൽ ടി ട്രേഡിൽ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് വേണ്ടി ഡയറക്ടറേറ്റിൽ നിന്ന് ഹാൾ ടിക്കറ്റ് വിതരണം ചെയ്ത ട്രെയിനികളുടെ വിവരങ്ങൾ കാണാവുന്നതാണ്.
- ഇപ്രകാരം ലഭിക്കുന്ന ട്രെയിനികളുടെ ലിസ്റ്റിൽ 2014 നവംബർ മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് മാനുവലായി അപേക്ഷ നൽകിയിട്ടുള്ള ട്രെയിനികളുടെ റോൾ നമ്പറിന് ഇടത് വശത്തുള്ള സ്ക്വയർ ബോക്സിൽ click ചെയ്യുമ്പോൾ "V" മാർക്ക് ദൃശ്യമാകുന്നതാണ്. ഇതിന് ശേഷം ടി പേജിൻെറ അവസാന ഭാഗത്ത് കാണുന്ന Accept എന്ന ബട്ടൺ click ചെയ്യുക. അപ്പോൾ ടി ട്രെയിനിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന Row യുടെ കളർ റോസ് നിറത്തിലാകും. ഇപ്രകാരമുള്ള കളർ മാറ്റം വരികയാണെങ്കിൽ ടി ട്രെയിനിയുടെ അപേക്ഷ 2014 നവംബർ മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷയ്ക്ക് ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്തു എന്നാണ് അർത്ഥം.
- ഒരു പേജിലുള്ള 15 ട്രെയിനികളും പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ടി പേജിൻെറ അവസാനം ഇടത് ഭാഗത്തുള്ള Select All എന്ന ബട്ടൺ click ചെയ്തശേഷം

Accept ബട്ടൺ click ചെയ്താൽ ടി ട്രെയിനികളുടെ അപേക്ഷകളെല്ലാം ഒരുമിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

- Accept ബട്ടൺ click ചെയ്ത് ട്രെയിനിയുടെ അപേക്ഷ രജിസ്റ്റർ ചെയ്ത ശേഷം ട്രെയിനിയുടെ വിവരം തെറ്റായി രേഖപ്പെടുത്തി എന്ന് കാണുകയാണെങ്കിൽ താഴെ പറയുന്ന നടപടി ക്രമം അനുസരിച്ച് ട്രെയിനിയുടെ വിവരം റദ്ദാക്കാവുന്നതാണ്. (Fig 5)
    - ➢ റദ്ദാക്കേണ്ട ട്രെയിനിയുടെ റോൾ നമ്പറിന് ഇടത് വശത്തുള്ള സ്ക്വയർ ബോക്സിൽ വീണ്ടും click ചെയ്യുക. ടി സമയം സ്ക്വയർ ബോക്സിനുള്ളിൽ "√" മാർക്ക് കാണാവുന്നതാണ്.
    - ➢ അതിന് ശേഷം പേജിൻെറ അവസാന ഭാഗത്ത് Reject എന്ന ബട്ടണിൽ click ചെയ്യുക
    - ➢ ടി സമയം ടി ട്രെയിനിയുടെ വിവരങ്ങൾ അടങ്ങിയ Row യുടെ കളർ റോസ് നിറത്തിൽ നിന്നും Back Ground ഉള്ള കളറായി മാറുന്നതാണ്.
    - ➢ ഇപ്രകാരം ടി ട്രെയിനിയുടെ വിവരങ്ങൾ അടങ്ങിയ Row യുടെ കളർ Back Ground കളറായി മാറുകയാണെങ്കിൽ രജിസ്റ്റർ ചെയ്തിരുന്ന ടി ട്രെയിനിയുടെ വിവരങ്ങൾ റദ്ദാക്കിയതായി കണക്കാക്കാം.
- അപേക്ഷ സമർപ്പിക്കേണ്ട എല്ലാ ട്രെയിനികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്ത് കഴിഞ്ഞ ശേഷം ടി പേജിൻെറ മുകൾ ഭാഗത്ത് ഇടത് വശത്തുള്ള Trade Wise ബട്ടൺ click ചെയ്ത് ട്രേഡ് സെലക്ട് ചെയ്യുക. അതിന് ശേഷം ടി പേജിൻെറ മുകൾ ഭാഗത്ത് വലത് വശത്തായ കാണുന്ന Status ബട്ടൺ click ചെയ്താൽ Applied, Not Applied, Select All എന്നീ 3 Options കാണാം.
- ടി Option ൽ Applied click ചെയ്താൽ സെലക്ട് ചെയ്ത ട്രേഡിൽ അപേക്ഷ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രെയിനികളുടെ വിവരം

കാണുവാൻ സാധിക്കും. ഇപ്രകാരം ഓരോ Option ൽ click ചെയ്താൽ ബന്ധപ്പെട്ട ട്രെയിനികളുടെ വിവരങ്ങൾ കണുവാൻ സാധിക്കും

- ടി പേജിൻെറ ഇടത് വശത്തായി print എന്ന ബട്ടൺ കാണാം. ടി ബട്ടൺ click ചെയ്താൽ മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ട്രെയിനികളുടെ ലിസ്റ്റ് പ്രിൻറ് ചെയ്ത് കോപ്പികൾ എടുക്കാവുന്നതാണ്. (Fig 6)
- ഇപ്രകാരം പ്രിൻറ് ചെയ്ത് ലഭിക്കുന്ന ട്രെയിനികളുടെ ലിസ്റ്റ് **10/11/2014 വൈകുന്നേരം 5.00 മണിക്ക് മുൻപായി തിരുവനന്തപുരം ചാക്ക ഐ.ടി.ഐ. യിൽ പ്രവർത്തിക്കുന്ന പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ടി വിവരങ്ങൾ എത്തിക്കാൻ എല്ലാ പ്രിൻസിപ്പാൾമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

(ബി) **ഒന്നാം സെമസ്റ്റർ (റഗുലർ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ ഓൺ ലൈനായി രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**

- 2014 ഫെബ്രുവരി മാസത്തിൽ 6 മാസ കോഴ്സിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ 30/07/2014 തീയതിയിലെ ജി2/33402/14 നമ്പർ വിജ്ഞാപന പ്രകാരം മാനുവലായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ അപേക്ഷകളാണ് ഓൺ ലൈൻ മുഖാന്തിരം സമർപ്പിക്കേണ്ടത്
- (Fig 3) ൽ കാണുന്ന പേജിൽ SCVT 1st SEMESTER (REGULAR) എന്ന ബട്ടൺ Click ചെയ്യുമ്പോൾ മാനുവലായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ കാണാവുന്നതാണ്..
- ടി പേജിൻെറ മുകൾ ഭാഗത്ത് കാണുന്ന ട്രേഡ് എന്ന ബട്ടൺ click ചെയ്താൽ ടി ഐ.ടി.ഐ. യിലുള്ള 6 മാസ ട്രേഡുകൾ കാണാവുന്നതാണ്. ടി ട്രേഡ് സെലക്ട് ചെയ്താൽ ഒരോ

ട്രേഡിലുള്ള മാനുവലായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ ലഭിക്കും.

- ഇപ്രകാരം ലഭിക്കുന്ന ട്രെയിനികളുടെ ലിസ്റ്റിൽ 2014 നവംബർ മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (റഗുലർ) പരീക്ഷയ്ക്ക് അപേക്ഷ നൽകേണ്ട ട്രെയിനികളുടെ റോൾ നമ്പറിന് ഇടത് വശത്തുള്ള സ്ക്വയർ ബോക്സിൽ click ചെയ്യുമ്പോൾ "√" മാർക്ക് ദൃശ്യമാകുന്നതാണ്. ഇതിന് ശേഷം ടി പേജിന്റെ അവസാന ഭാഗത്ത് കാണുന്ന Accept എന്ന ബട്ടൺ click ചെയ്യുക. അപ്പോൾ ടി ട്രെയിനിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന Row യുടെ കളർ റോസ് നിറത്തിലാകും. ഇപ്രകാരമുള്ള കളർ മാറ്റം വരികയാണെങ്കിൽ ടി ട്രെയിനിയുടെ അപേക്ഷ 2014 നവംബർ മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (റഗുലർ) പരീക്ഷയ്ക്ക് ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്തു എന്നാണ് അർത്ഥം.
- ഒരു പേജിലുള്ള 15 ട്രെയിനികളും പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ടി പേജിന്റെ അവസാനം ഇടത് ഭാഗത്തുള്ള Select All എന്ന ബട്ടൺ click ചെയ്തശേഷം Accept ബട്ടൺ click ചെയ്താൽ ടി ട്രെയിനികളുടെ അപേക്ഷകളെല്ലാം ഒരുമിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.
- Accept ബട്ടൺ click ചെയ്ത് ട്രെയിനിയുടെ അപേക്ഷ രജിസ്റ്റർ ചെയ്ത ശേഷം ട്രെയിനിയുടെ വിവരം തെറ്റായി രേഖപ്പെടുത്തി എന്ന് കാണുകയാണെങ്കിൽ താഴെ പറയുന്ന നടപടി ക്രമം അനുസരിച്ച് ട്രെയിനിയുടെ വിവരം റദ്ദാക്കാവുന്നതാണ്.
    - ➢ റദ്ദാക്കേണ്ട ട്രെയിനിയുടെ റോൾ നമ്പറിന് ഇടത് വശത്തുള്ള സ്ക്വയർ ബോക്സിൽ വീണ്ടും click ചെയ്യുക. ടി സമയം സ്ക്വയർ ബോക്സിനുള്ളിൽ "√" മാർക്ക് കാണാവുന്നതാണ്.

- അതിന് ശേഷം പേജിൻെറ അവസാന ഭാഗത്ത് Reject എന്ന ബട്ടണിൽ click ചെയ്യുക
- ടി സമയം ടി ട്രെയിനിയുടെ വിവരങ്ങൾ അടങ്ങിയ Row യുടെ കളർ റോസ് നിറത്തിൽ നിന്നും Back Ground ഉള്ള കളറായി മാറുന്നതാണ്.
- ഇപ്രകാരം ടി ട്രെയിനിയുടെ വിവരങ്ങൾ അടങ്ങിയ Row യുടെ കളർ Back Ground കളറായി മാറുകയാണെങ്കിൽ രജിസ്റ്റർ ചെയ്തിരുന്ന ടി ട്രെയിനിയുടെ വിവരങ്ങൾ റദ്ദാക്കിയതായി കണക്കാക്കാം.

- അപേക്ഷ സമർപ്പിക്കേണ്ട എല്ലാ ട്രെയിനികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്ത് കഴിഞ്ഞ ശേഷം ടി പേജിൻെറ മുകൾ ഭാഗത്ത് ഇടത് വശത്തുള്ള Trade Wise ബട്ടൺ click ചെയ്ത് ട്രേഡ് സെലക്ട് ചെയ്യുക. അതിന് ശേഷം ടി പേജിൻെറ മുകൾ ഭാഗത്ത് വലത് വശത്തായ കാണുന്ന Status ബട്ടൺ click ചെയ്താൽ Applied, Not Applied, Select All എന്നീ 3 Options കാണാം.
- ടി Option ൽ Applied click ചെയ്താൽ സെലക്ട് ചെയ്ത ട്രേഡിൽ അപേക്ഷ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രെയിനികളുടെ വിവരം കാണുവാൻ സാധിക്കും. ഇപ്രകാരം ഓരോ Option ൽ click ചെയ്താൽ ബന്ധപ്പെട്ട ട്രെയിനികളുടെ വിവരങ്ങൾ കണുവാൻ സാധിക്കും
- ടി പേജിൻെറ ഇടത് വശത്തായി print എന്ന ബട്ടൺ കാണാം. ടി ബട്ടൺ click ചെയ്താൽ മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ട്രെയിനികളുടെ ലിസ്റ്റ് പ്രിൻറ് ചെയ്ത് കോപ്പികൾ എടുക്കാവുന്നതാണ്.

- ഇപ്രകാരം പ്രിൻറ് ചെയ്ത് ലഭിക്കുന്ന ട്രെയിനികളുടെ ലിസ്റ്റ് **12/11/2014 വൈകുന്നേരം 5.00 മണിക്ക് മുൻപായി തിരുവനന്തപുരം ചാക്ക ഐ.ടി.ഐ. യിൽ പ്രവർത്തിക്കുന്ന പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ടി വിവരങ്ങൾ എത്തിക്കാൻ എല്ലാ പ്രിൻസിപ്പാൾമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

**(സി) ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ ഓൺ ലൈനായി രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**

- 2014 ഏപ്രിൽ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എ.സി.വി.റ്റി. ട്രേഡ് ടെസ്റ്റിൽ ഫെയിലായവരും 25/09/2014 തീയതിയിലെ ജി2/35102/2014 നമ്പർ വിജ്ഞാപന പ്രകാരം അപേക്ഷകൾ മാനുവലായി സമർപ്പിച്ചവരുമായ ട്രെയിനികളാണ് ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷയിൽ അപേക്ഷകൾ ഓൺ ലൈനായി സമർപ്പിക്കേണ്ടത്.
- Fig (3) ൽ കാണുന്ന പേജിൽ SCVT 1st SEMESTER (SUPPLIMENTARY)) എന്ന ബട്ടൺ Click ചെയ്യുമ്പോൾ മാനുവലായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ കാണാവുന്നതാണ്..
- ടി പേജിൻെറ മുകൾ ഭാഗത്ത് കാണുന്ന ട്രേഡ് എന്ന ബട്ടൺ click ചെയ്താൽ ടി ഐ.ടി.ഐ. യിലുള്ള ട്രേഡുകൾ കാണാവുന്നതാണ്. ടി ട്രേഡ് സെലക്ട് ചെയ്താൽ ഒരോ ട്രേഡിലുള്ള ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പരാജയപ്പെട്ട ട്രെയിനികളുടെ വിവരങ്ങൾ ലഭിക്കും.
- ഇപ്രകാരം ലഭിക്കുന്ന ട്രെയിനികളുടെ ലിസ്റ്റിൽ 2014 നവംബർ മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (സപ്ലിമെൻററീ) പരീക്ഷയ്ക്ക് അപേക്ഷ മാനുവലായി നൽകിയിട്ടുള്ള ട്രെയിനികളുടെ റോൾ നമ്പറിന് ഇടത് വശത്തുള്ള സ്കѧയർ ബോക്സിൽ click ചെയ്യുമ്പോൾ **"V"** മാർക്ക് ദൃശ്യമാകുന്നതാണ്. ഇതിന് ശേഷം ടി പേജിൻെറ അവസാന ഭാഗത്ത് കാണുന്ന Accept എന്ന ബട്ടൺ click ചെയ്യുക.

അപ്പോൾ ടി ട്രെയിനിയുടെവിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന Row യുടെ കളർ റോസ് നിറത്തിലാകും. ഇപ്രകാരമുള്ള കളർ മാറ്റം വരികയാണെങ്കിൽ ടി ട്രെയിനിയുടെ അപേക്ഷ 2014 നവംബർ മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) പരീക്ഷയ്ക്ക് ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്തു എന്നാണ് അർത്ഥം.

- ഒരു പേജിലുള്ള 15 ട്രെയിനികളും പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ടി പേജിൻെറ അവസാനം ഇടത് ഭാഗത്തുള്ള Select All എന്ന ബട്ടൺ click ചെയ്തശേഷം Accept ബട്ടൺ click ചെയ്താൽ ടി ട്രെയിനികളുടെ അപേക്ഷകളെല്ലാം ഒരുമിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.
- Accept ബട്ടൺ click ചെയ്ത് ട്രെയിനിയുടെ അപേക്ഷ രജിസ്റ്റർ ചെയ്ത ശേഷം ട്രെയിനിയുടെ വിവരം തെറ്റായി രേഖപ്പെടുത്തി എന്ന് കാണുകയാണെങ്കിൽ താഴെ പറയുന്ന നടപടി ക്രമം അനുസരിച്ച് ട്രെയിനിയുടെ വിവരം റദ്ദാക്കാവുന്നതാണ്.

  - ➢ റദ്ദാക്കേണ്ട ട്രെയിനിയുടെ റോൾ നമ്പറിന് ഇടത് വശത്തുള്ള സ്ക്വയർ ബോക്സിൽ വീണ്ടും click ചെയ്യുക. ടി സമയം സ്ക്വയർ ബോക്സിനുള്ളിൽ "**V**" മാർക്ക് കാണാവുന്നതാണ്.
  - ➢ അതിന് ശേഷം പേജിൻെറ അവസാന ഭാഗത്ത് Reject എന്ന ബട്ടണിൽ click ചെയ്യുക
  - ➢ ടി സമയം ടി ട്രെയിനിയുടെ വിവരങ്ങൾ അടങ്ങിയ Row യുടെ കളർ റോസ് നിറത്തിൽ നിന്നും Back Ground ഉള്ള കളറായി മാറുന്നതാണ്.
  - ➢ ഇപ്രകാരം ടി ട്രെയിനിയുടെ വിവരങ്ങൾ അടങ്ങിയ Row യുടെ കളർ Back Ground കളറായി മാറുകയാണെങ്കിൽ രജിസ്റ്റർ ചെയ്തിരുന്ന ടി ട്രെയിനിയുടെ വിവരങ്ങൾ റദ്ദാക്കിയതായി കണക്കാക്കാം.

- അപേക്ഷ സമർപ്പിക്കേണ്ട എല്ലാ ട്രെയിനികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്ത് കഴിഞ്ഞ ശേഷം ടി പേജിൻെറ മുകൾ ഭാഗത്ത് ഇടത് വശത്തുള്ള Trade Wise ബട്ടൺ click ചെയ്ത് ട്രേഡ് സെലക്ട് ചെയ്യുക. അതിന് ശേഷം ടി പേജിൻെറ മുകൾ ഭാഗത്ത് വലത് വശത്തായ കാണുന്ന Status ബട്ടൺ click ചെയ്താൽ Applied, Not Applied, Select All എന്നീ 3 Options കാണാം.
- ടി Option ൽ Applied click ചെയ്താൽ സെലക്ട് ചെയ്ത ട്രേഡിൽ അപേക്ഷ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രെയിനികളുടെ വിവരം കാണുവാൻ സാധിക്കും. ഇപ്രകാരം ഓരോ Option ൽ click ചെയ്താൽ ബന്ധപ്പെട്ട ട്രെയിനികളുടെ വിവരങ്ങൾ കണുവാൻ സാധിക്കും
- ടി പേജിൻെറ ഇടത് വശത്തായി print എന്ന ബട്ടൺ കാണാം. ടി ബട്ടൺ click ചെയ്താൽ മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ട്രെയിനികളുടെ ലിസ്റ്റ് പ്രിൻറ് ചെയ്ത് കോപ്പികൾ എടുക്കാവുന്നതാണ്.
- **ഇപ്രകാരം Applied Option സെലക്ട് ചെയ്ത് Print നൽകുകയാണെങ്കിൽ അപേക്ഷിക്കുന്ന ട്രെയിനികൾ ഏതൊക്കെ വിഷയത്തിനാണ് വീണ്ടും പരീക്ഷ എഴുതുന്നതിന് അപേക്ഷിക്കുന്നത് എന്ന് കാണാവുന്നതാണ്. ടി വിഷയങ്ങൾ വളരെ ശ്രദ്ധിച്ച് പരിശോധിക്കേണ്ടതും ഇതിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അപ്പോൾ തന്നെ ടി മാർഗ്ഗനിർദ്ദേശത്തിൻെറ അവസാന ഭാഗത്ത് ചേർത്തിട്ടുള്ള ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.**
- ഇപ്രകാരം പ്രിൻറ് ചെയ്ത് ലഭിക്കുന്ന ട്രെയിനികളുടെ ലിസ്റ്റും ടി ട്രെയിനികൾ ഒടുക്കിയ ഒറിജിനൽ ചെലാനും ചേർത്ത് **12/11/2014 വൈകുന്നേരം 5.00 മണിക്ക് മുൻപായി തിരുവനന്തപുരം ചാക്ക ഐ.ടി.ഐ. യിൽ പ്രവർത്തിക്കുന്ന പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ടി വിവരങ്ങൾ എത്തിക്കാൻ എല്ലാ പ്രിൻസിപ്പാൾമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

17/11/2014 നാണ് പരീക്ഷകൾ ആരംഭിക്കുന്നത്. ആയതിനാൽ താഴെ പറയുന്ന തീയതികളിൽ അപേക്ഷകൾ ഓൺ ലൈനായി രജിസ്റ്റർ ചെയ്യുവാൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു കാരണവശാലും തീയതികൾ ദീർഘിപ്പിച്ച് നൽകുന്നതല്ല.

രണ്ടാം സെമസ്റ്റർ (റഗുലർ) 05/11/2014 മുതൽ 07/11/2014 വരെ

ഒന്നാം സെമസ്റ്റർ (റഗുലർ) 07/11/2014 മുതൽ 11/11/2014 വരെ

ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) 07/11/2014 മുതൽ 11/11/2014 വരെ

വിശ്വാസ പൂർവ്വം

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

ഇത് സംബന്ധിച്ച് സംശയങ്ങളുണ്ടെങ്കിൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ബന്ധപ്പെടേണ്ടതാണ്

ടെക്നിക്കൽ സഹായം

പ്രോജക്ട് മാനേജർ 0471 3048026 (ലാൻറ് നമ്പർ)

9447064306 (മൊബൈൽ നമ്പർ)

ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥരുടെ വിവരം

1. ശ്രീ. അജി. കെ.എസ്. 9447713217
2. ശ്രീ. രതീഷ് ആർ ചന്ദ്രൻ 9447015648

**Figure – 1**


Industrial
Training Department
Government of Kerala
Login
Sign Up
Latest News
KERALA STATE INDUSTRIAL TRAINING DEPARTMENT
Objectives
Training Institutes
Courses
FAQ

**Figure - 2**


Industrial
Training Department
Government of Kerala
Email
Password
Forgot your password?
Latest News
KERALA STATE INDUSTRIAL TRAINING DEPARTMENT
Objectives
FAQ

Figure – 3

**Industrial**
**Training Department**
Government of Kerala

Welcome iti08503@gmail.com | **Logout**

Home | About Us | Acts & Rules | Contact Us

- How to Apply
- Student List(Feb-2014)
- Sessional Mark Entry
- SCVT II Sem. ( Regular )
- SCVT I Sem.( Regular )
- SCVT I Sem. ( suppli.)

| HALL TICKET |
| --- |
| **0 Hall Ticket Available** |

| Trade | No of Hall Ticket |
| --- | --- |

For Enquiry 9447015648
9447713217

©2014 - 2015 Kerala State Industrial Training Department. All rights reserved. Developed by @ Pentacircle Informatics, Technopark

Figure - 4

**Industrial Training Department**
Government of Kerala

Welcome iti08503@gmail.com | **Logout**

Home | About Us | Acts & Rules | Contact Us

- How to Apply
- Student List(Feb-2014)
- Sessional Mark Entry
- SCVT II Sem. ( Regular )
- SCVT I Sem.( Regular )
- SCVT I Sem. ( suppli.)

Trade: All    Status: All    Print

| | Roll No. | Applicant_Name | Trade | Sex | DOB | Father's Name | Result |
|---|---|---|---|---|---|---|---|
| ☑ | S08503001 | ASWIN T A | COPNP | Male | 07/05/1996 | ASOKAN T R | |
| ☐ | S08503002 | PRAJITHA A P | COPNP | Male | 19/12/1991 | PRATHAPAN A K | |
| ☐ | S08503003 | MUHSEENA K S | COPNP | Male | 23/04/1996 | SULAIMAN K A | |
| ☑ | S08503004 | SREEKANTH C R | COPNP | Male | 01/06/1996 | RAMESH C S | |
| ☐ | S08503005 | JISHNU P U | COPNP | Male | 14/02/1995 | UNNIKRISHNAN P P | |
| ☐ | S08503006 | NIKHIL K J | COPNP | Male | 01/06/1995 | JOSHY K K | |
| ☑ | S08503007 | HARIKRISHNAN T H | COPNP | Male | 20/05/1995 | HARIDASAN T C | |
| ☐ | S08503008 | BIBINLAL M B | COPNP | Male | 01/06/1996 | BABU M K | |
| ☐ | S08503009 | ABHILASH K S | COPNP | Male | 02/02/1996 | SUKU K K | |
| ☐ | S08503010 | JAHNA V J | COPNP | Male | 01/06/1995 | JABBAR V B | |
| ☑ | S08503011 | RAMEENA K M | COPNP | Male | 24/02/1994 | MOHAMMEDALI K M | |
| ☐ | S08503012 | ISHAK K I | COPNP | Male | 26/03/1996 | IBRAHIMKUTTY K M | |
| ☐ | S08503013 | NIFITHA N A | COPNP | Male | 25/05/1996 | ABDUL KAREEM N K | |
| ☐ | S08503014 | VISHNU N K | COPNP | Male | 04/03/1996 | KARTHIKEYAN | |
| ☐ | S08503015 | VINEETH T V | COPNP | Male | 03/04/1995 | VISWANATHAN | |

☐ **Select All**    **1 to 15 of 71 Students**    Next>|Last

Accept    Reject

© 2014 - 2015 Kerala State Industrial Training Department. All rights reserved. Developed by @ Pentacircle Informatics, Technopark

Figure – 5

**Industrial Training Department**
Government of Kerala

Welcome iti08503@gmail.com | **Logout**

Home | About Us | Acts & Rules | Contact Us

- How to Apply
- Student List(Feb-2014)
- Sessional Mark Entry
- SCVT II Sem. ( Regular )
- SCVT I Sem.( Regular )
- SCVT I Sem. ( suppli.)

Trade: Computer Operator and Programming Assistant    Status: Appearing Students    Print

| | Roll No. | Applicant_Name | Trade | Sex | DOB | Fathers Name | Result |
|---|---|---|---|---|---|---|---|
| ☐ | S08503001 | ASWIN T A | COPNP | Male | 07/05/1996 | ASOKAN T R | |
| ☐ | S08503002 | PRAJITHA A P | COPNP | Male | 19/12/1991 | PRATHAPAN A K | |
| ☑ | S08503004 | SREEKANTH C R | COPNP | Male | 01/06/1996 | RAMESH C S | |
| ☑ | S08503005 | JISHNU P U | COPNP | Male | 14/02/1995 | UNNIKRISHNAN P P | |
| ☐ | S08503007 | HARIKRISHNAN T H | COPNP | Male | 20/05/1995 | HARIDASAN T C | |
| ☑ | S08503008 | BIBINLAL M B | COPNP | Male | 01/06/1996 | BABU M K | |
| ☐ | S08503011 | RAMEENA K M | COPNP | Male | 24/02/1994 | MOHAMMEDALI K M | |
| ☐ | S08503012 | ISHAK K I | COPNP | Male | 26/03/1996 | IBRAHIMKUTTY K M | |

☐ Select All    1 to 8 of 8 Applicants

Accept    Reject

© 2014 - 2015 Kerala State Industrial Training Department. All rights reserved. Developed by @ Pentacircle Informatics, Technopark

Figure – 6

Industrial Training Department
Government of Kerala

Welcome iti08503@gmail.com | Logout

Home | About Us | Acts & Rules | Contact Us

How to Apply

Student List(Feb-2014)

Sessional Mark

SCVT II Sem. ( Re

SCVT I Sem.( Reg

SCVT I Sem. ( su

Trade All

Status Appearing Students

Print

| | Roll No. | Applicant_Name | Trade | Sex | DOB | Fathers Name | Result |
|---|---|---|---|---|---|---|---|
| | S08503001 | ASWIN T A | COPNP | Male | 07/05/1996 | ASOKAN T R | |

Kerala State Industrial Training Department - Mozilla Firefox

File Edit View History Bookmarks Tools Help

www.itdkerala.org/printscvtstud.php?absent=0&stat=1

Print

SCVT Trade Test November 2014 Semester-II

II semester Appearing Students (Regular)

GOVT ITI ERIYAD, ERIYAD P O, THRISSUR

TRADE : All

| No. | Roll No. | Name | Trade | Sex | DOB | Fathers Name |
|---|---|---|---|---|---|---|
| 1 | | ASWIN T A | COPNP | Male | 07/05/1996 | ASOKAN T R |
| 2 | | PRAJITHA A P | COPNP | Male | 19/12/1991 | PRATHAPAN A K |
| 3 | | HARIKRISHNAN T H | COPNP | Male | 20/05/1995 | HARIDASAN T C |
| 4 | | RAMEENA K M | COPNP | Male | 24/02/1994 | MOHAMMEDALI K M |
| 5 | | ISHAK K I | COPNP | Male | 26/03/1996 | IBRAHIMKUTTY K M |

Date:

Place:

Name & Signature of the Principal

Office Seal